(സി) മൂന്നുപേർ ഇപ്രകാരം മരിച്ചിട്ടുണ്ട്.

1 - തിരുവനന്തപുരം സിറ്റി ജില്ലയിൽ ഒരാൾ (ശിവൻകുട്ടി) വീട്ടിലെത്തി ആത്മഹത്യ ചെയ്തു.

2 - തിരുവനന്തപുരം റൂറൽ ജില്ലയിൽ ഒരാൾ (ബാബു) സ്റ്റേഷനിൽ നിന്നു വിട്ടയച്ചശേഷം മരണപ്പെട്ടു.

3 - കോഴിക്കോട് സിറ്റി ജില്ലയിൽ ഒരാൾ ആത്മഹത്യ ചെയ്തു.

(ഡി) 8 പേർ ഇപ്രകാരം മരിച്ചിട്ടുണ്ട്.

(ഇ) മേൽപ്പറഞ്ഞ കാലയളവിൽ കസ്റ്റഡി മരണം സംബന്ധിച്ച 25 പോലീസുകാരെ സസ്പെൻഡ് ചെയ്തു. ആരുടെയും പേരിൽ കൊലക്കുറ്റത്തിന് കേസെടുത്തിട്ടില്ല. (പാലക്കാട് ജില്ലയിലെ സമ്പത്തിന്റെ മരണവുമായി ബന്ധപ്പെട്ട കേസ് സിബി.ഐ. അന്വേഷണത്തിലാണ്).

പോലീസ് കുറ്റക്കാരായ കസ്റ്റഡി മരണങ്ങൾ

21 (297) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര കസ്റ്റഡി മരണങ്ങൾ സംഭവിച്ചിട്ടുണ്ട്;

(ബി) ഇതിൽ പോലീസ് കുറ്റക്കാരാണെന്ന് റിപ്പോർട്ട് ചെയ്ത എത്ര കസ്റ്റഡി മരണങ്ങൾ ഉണ്ടായിട്ടുണ്ട്;

(സി) മറ്റ് കാരണങ്ങൾമൂലം ഉണ്ടായിട്ടുള്ള കസ്റ്റഡിമരണങ്ങൾ എത്രയെന്ന് പറയുമോ:

(ഡി) ആത്മഹത്യയായും ഹൃദയാഘാതമായും പോലീസ് എഴുതിത്തള്ളിയ കസ്റ്റഡിമരണങ്ങളിൽ ഏതെല്ലാം കേസ്സുകൾ പോലീസ് പീഡനംമൂലമാണെന്ന് തെളിഞ്ഞിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ; ഇത്തരം കേസ്സുകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) ഈ കാലയളവിൽ ജുഡീഷ്യൽ കസ്റ്റഡിയിൽ മരിച്ചവരുടെ എണ്ണം എത്രയെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ 12 കസ്റ്റഡി മരണങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) പാലക്കാട് ജില്ലയിൽ സമ്പത്ത് എന്നയാളിന്റെ മരണത്തിൽ പോലീസ് കുറ്റക്കാരാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ കേസ് ഇപ്പോൾ സി.ബി.ഐ. അന്വേഷണത്തിലാണ്.

(സി) മറ്റ് കാരണങ്ങൾമൂലം ഉണ്ടായിട്ടുള്ള കസ്റ്റഡി മരണങ്ങൾ 11 എണ്ണം.

(ഡി) ഇപ്രകാരം തെളിയിക്കപ്പെട്ടിട്ടില്ല.

(ഇ) വിവിധ ജില്ലകളിലായി 181 പേർ.

LIBRARY ARCHIVES Kerala Legislative Assembly